# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- പൊതുവിദ്യാഭ്യാസം-ജീവനം- ഡിപ്പാർട്ട്മെന്റൽ പ്രൈമറി ഹെഡ്മാസ്റ്റർമ്മാരിൽ നിന്നും സ്ഥാനക്കയറ്റം നൽകി അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസറായി 39,500-83,000 രൂപ ശമ്പള നിരക്കിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നമ്പർ എസ്.വൈ (1) 15205/2016/ഡി.പി.ഐ തീയതി, 17/07/2015

2) ജി.ഒ (എം.എസ്) 47/2002/പൊ.വി.വ തീയതി, 21/03/2002

3) ജി.ഒ (പി) 39/1991/ഉ ഭ പ വ തീയതി, 07/12/1991

## ഉത്തരവ് നമ്പർ.ഡി5/23141/2019/ഡി.ജി.ഇ തീയതി:25/06/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും കോഴിക്കോടും പ്രവർത്തിക്കുന്ന സൂപ്പർ ചെക്ക് സെല്ലിലെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തികകൾ, അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസർ എന്ന് പുനർനാമകരണം ചെയ്തതായും 10 വർഷത്തിൽ കൂടുതൽ പ്രൈമറി ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചവരും അക്കൗണ്ട് ടെസ്റ്റ് (ലോവർ), കെ.ഇ.എ.ആർ എന്നീയോഗ്യതകൾ ആർജിച്ചവരുമായ പ്രൈമറി ഹെഡ്മാസ്റ്ററന്മാരുടെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവയ്ക്കു വാനും പരാമർശം (2) പ്രകാരം ബഹു. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള സംസ്ഥാനത്തെ പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ശ്രീ. രാജേന്ദ്രൻ. പി.വി. യെ (ഗവൺമെന്റ് യു.പി.എസ് പീലിക്കോട്, കാസർഗോഡ് ജില്ല ചെറുവത്തൂർ ഉപജില്ല) സ്ഥാനക്കയറ്റം നൽകി അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസറായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്പർചെക്ക് സെല്ലിൽ 39500-83000 രൂപാ ശമ്പള നിരക്കിൽ 1958 ലെ കേരള സംസ്ഥാന സർവ്വീസുകളുടെയും സബോർഡിനേറ്റ് സർവ്വീസുകളുടെയും ചട്ടം 9 എ (1) പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. രാജേന്ദ്രൻ. പി.വി. സർക്കാർ വസ്തുവകകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടുകൂടി സീനിയർ അസിസ്റ്റന്റിന് കൈമാറി പുതിയ ലാവണത്തിൽ ജോലിൽ പ്രവേശിക്കേണ്ടതാണ്.

പുതിയ ലാവണത്തിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട കാര്യാലയങ്ങളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ശ്രീ. രാജേന്ദ്രൻ. പി.വി. യ്ക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ ഉണ്ടായ പ്രൈമറി ഹെഡ്മാസ്റ്ററുടെ ഒഴിവ് ഉടൻ നികത്തുവാൻ കാസർഗോഡ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന് വിധേയമായി ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഉത്തരവ് കൈപ്പറ്റി '7' ദിവസത്തിനുള്ളിൽ മേലധികാരി മുഖേന പരിത്യാജപത്രം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ഒന്നാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം കുറഞ്ഞ് (1 വർഷം) താൽക്കാലികമായും, രണ്ടാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം സ്ഥിരമായിട്ടുള്ളതാണ്.

അസിസ്റ്റന്റ് സൂപ്പർചെക്ക് ആഫീസർ തസ്തികയിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം 1958 ലെ കേരള സംസ്ഥാന സർവ്വീസുകളുടെയും സബോർഡിനേറ്റ് സർവ്വീസുകളുടെയും ചട്ടം 9 എ (1) പ്രകാരം പൂർണ്ണമായും താൽക്കാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ ആയത് പുന:പരിശോധയ്ക്ക് വിധേയമായിരിക്കും.

(ഒപ്പ്/-)
**ജീവൻ ബാബു. കെ, ഐ എഎസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരള**
**തിരുവനന്തപുരം**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്:

ഹെഡ്മാസ്റ്റർ,
ശ്രീ. രാജേന്ദ്രൻ. പി.വി. (ഗവൺമെന്റ് യു.പി.എസ് പീലിക്കോട്, കാസർഗോഡ് ജില്ല ചെറുവത്തൂർ ഉപജില്ല)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ്.
3. ജില്ലാ വിദ്യാഭ്യാസ ആഫീസർ കാഞ്ഞങ്ങാട്.
4. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ
5. സൂപ്പർ ചെക്ക് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

കരുതൽ ഫയൽ

എസ്.കെ